## പതിമൂന്നാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

## നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 3191 14/07/2015-ൽ മറുപടിക്ക്

## വൈപ്പിൻ മണ്ഡലത്തിലെ സെക്ഷൻ ഓഫീസുകൾ

| ചോദ്യം<br>ശ്രീ. എസ്.ശർമ്മ | | മറുപടി<br>ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജ വകുപ്പ് മന്ത്രി) |
|---|---|---|
| (എ) വൈപ്പിൻ മണ്ഡലത്തിൽ നിലവിലുള്ള സെക്ഷൻ ഓഫീസുകൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ ; | (എ) | ചെറായി, വൈപ്പിൻ, ഞാറക്കൽ എന്നീ സെക്ഷൻ ഓഫീസുകളാണ് നിലവിലുള്ളത്. |
| (ബി) ഓരോ സെക്ഷന്റെയും പരിധിയിൽ എത്ര ഗുണഭോക്താക്കൾ ഉണ്ട് ; | (ബി) | ചെറായി സെക്ഷനു കീഴിൽ 18699 ഗുണഭോക്താക്കളും, വൈപ്പിൻ സെക്ഷനു കീഴിൽ 22873 ഗുണഭോക്താക്കളും, ഞാറക്കൽ സെക്ഷനു കീഴിൽ 22673 ഗുണഭോക്താക്കളുമാണുള്ളത്. |
| (സി) ഓരോ സെക്ഷനിലും നിലവിലുള്ള സ്റ്റാഫ് പാറ്റേൺ വിശദമാക്കാമോ ; | (സി) | വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| (ഡി) ഏഷ്യയിലെത്തന്നെ ജനസാന്ദ്രതയേറിയതും കായൽ, തോടുകൾ എന്നിവ ഏറെയുള്ളതിനാൽ ദുർഘടവുമായ വൈപ്പിനിൽ മികച്ച സേവനം നൽകുന്നതിന് നിലവിലുള്ള സെക്ഷൻ ഓഫീസുകൾ അപര്യാപ്തമാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇക്കാര്യം കണക്കിലെടുത്ത് വൈപ്പിൻ മണ്ഡലത്തിൽ പുതുതായി സെക്ഷൻ ഓഫീസ് ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ ? | (ഡി) | നിലവിലുള്ള സെക്ഷൻ ഓഫീസിന്റെ ഉപഭോക്താക്കളുടെ എണ്ണം, വിസ്തൃതി (25000 ഉപഭോക്താക്കൾ/50 ച.കി.മീ. അഥവാ 20000 ഉപഭോക്താക്കൾ/100 ച.കി.മീ.), പ്രത്യേക ഭൂപ്രകൃതി എന്നിവ കണക്കിലെടുത്താണ് പുതിയ സെക്ഷൻ ഓഫീസുകൾ അനുവദിച്ചു വരുന്നത്. പ്രസ്തുത മാനദണ്ഡങ്ങൾക്കുള്ളിൽ ഉൾപ്പെടാത്തതിനാൽ വൈപ്പിൻ നിയോജക മണ്ഡലത്തിൽ പുതുതായി സെക്ഷൻ ഓഫീസ് ആരംഭിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ

ന.ചോ.ഉ. നം. 3191



## അനുബന്ധം

| ക്രമ നം | തസ്തിക | അനുവദിച്ചിട്ടുള്ള തസ്തിക | നിലവിലെ എണ്ണം | അനുവദിച്ചിട്ടുള്ള തസ്തിക | നിലവിലെ എണ്ണം | അനുവദിച്ചിട്ടുള്ള തസ്തിക | നിലവിലെ എണ്ണം |
|---|---|---|---|---|---|---|---|
| | | വൈപ്പിൻ | | ഞാറക്കൽ | | ചെറായി | |
| 1 | അസിസ്റ്റന്റ് എഞ്ചിനീയർ | 1 | 1 | 1 | 1 | 1 | 1 |
| 2 | സീനിയർ സൂപ്രണ്ട് | 1 | 1 | 1 | 1 | 1 | 1 |
| 3 | സബ് എഞ്ചിനീയർ | 3 | 2 | 3 | 3 | 3 | 3 |
| 4 | സബ് എഞ്ചിനീയർ ട്രെയിനീ | | 1 | | | | |
| 4 | ഓവർസിയർ | 7 | 7 | 6 | 7 (ഒരാൾ കാഷ്യർ ജോലി ചെയ്യുന്നു) | 6 | 6 |
| 5 | മീറ്റർ റീഡർ | 6 | 1 | 5 | 3 | 5 | 3 |
| 6 | ലൈൻമാൻ | 16 | 17(*) | 12 | 14 | 12 | 14 (*) |
| 7 | ഇലക്ട്രിസിറ്റി വർക്കർ | 6 | 6 | 6 | 6 | 6 | 6 |
| 8 | പാർട്ട് ടൈം സ്വീപ്പർ | 1 | 0 | 1 | 1 | 1 | 1 |
| 9 | സീനിയർ അസിസ്റ്റന്റ് | 3 | 2 | 3 | 2 | 2 | 2 |
| 10 | കാഷ്യർ | 3 | 1 | 3 | 1 | | |
| 11 | കാഷ്യർ ട്രെയിനീ | | 2 | | | 0 | 2 |

(*) 2 ലൈൻമാൻ കാഷ്യർ ട്രെയിനീയായി ജോലി ചെയ്യുന്നു.

സെക്ഷൻ ഓഫീസർ